1231
21/1/19

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ - മാനേജിംഗ് ഡയറക്ടർ തസ്തികയിൽ ശ്രീമതി ബിന്ദു.വി.സി.യുടെ അന്യത്ര സേവന നിയമനം, 5/10/2018 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ(കൈ) നം.1/2019/സാനീവ                                    തീയതി, തിരുവനന്തപുരം ,17/01/2019.

================================================================

പരാമർശം: 1) സ.ഉ.(സാധാ) നം.465/16/സാനീവ തീയതി 4/10/2016.
2) സ.ഉ.(സാധാ) നം.87/2017/സാനീവ തീയതി 15/2/2017.
3) സ.ഉ.(സാധാ) നം.746/2017/സാനീവ തീയതി 07/11/2017.
4) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 19/09/2018-ലെ KSWDC/EA1/MD/2018/3407 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മിനറൽസ് ആൻഡ് മെറ്റൽസിൽ മാനേജർ (വെൽഫെയർ) ആയി സേവനം അനുഷ്ഠിച്ചുവരവെ ശ്രീമതി. ബിന്ദു .വി.സി യെ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി പരാമർശം (1) പ്രകാരം നിയമിക്കുകയും പരാമർശം (2) പ്രകാരം ടിയാളുടെ നിയമനം ടിയാൾ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ഒരു വർഷത്തേയ്ക്ക് KSR Part I Rule 144 പ്രകാരം അന്യത്രസേവന വ്യവസ്ഥകൾക്ക് വിധേയമാക്കുകയും ചെയ്തിരുന്നു. പരാമർശം (3) പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി 05.10.17 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകിയിരുന്നു. ശ്രീമതി ബിന്ദു.വി.സിയുടെ അന്യത്രസേവന കാലാവധി 5.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകുന്നതിന് എതിർപ്പില്ലെന്ന് കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് അറിയിച്ചിട്ടുണ്ട് എന്നും ആയതിനാൽ 05.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ടിയാളുടെ അന്യത്രസേവന കാലാവധി നീട്ടി നൽകണമെന്നും പരാമർശം (4) പ്രകാരം വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി ശ്രീമതി ബിന്ദു.വി.സിയുടെ അന്യത്രസേവന നിയമനം നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി 5.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജു പ്രഭാകർ**
**സ്പെഷ്യൽ സെക്രട്ടറി.**

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, തിരുവനന്തപുരം.
ശ്രീമതി ബിന്ദു.വി.സി., പൗർണ്ണമി, ഹൗസ് നം.130, രാമൻകുളങ്ങര, കൊല്ലം. (മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖാന്തരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ & ഇ)) കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, കൊല്ലം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (PLGEA-BPE3/123/2018-PLGEA പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് ( [illegible]
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 16-01-2019

ഫയൽ നം.294/സി1/2018/സാനീവ. ഇനം നം: 2790

വിഷയം : സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി ശ്രീമതി. ബിന്ദു വി.സി.-യുടെ അന്യത്രസേവന നിയമനം 05.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് നീട്ടി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

Put up draft GO
17.01.19

2790

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നം | : | 294/സി1/2018/സാനീവ |
| 02 | വകുപ്പ് | : | സാമൂഹ്യനീതി (സി) വകുപ്പ് |
| 03 | വിഷയം | : | സാ.നീ.വ. - കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി ശ്രീമതി ബിന്ദു.വി.സിയുടെ അന്യത്രസേവന നിയമനം 5.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് നീട്ടി നൽകുന്നത് -സംബന്ധിച്ച് |
| 04 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 31/12/18 |
| 05 | (i)സാമ്പത്തികബാധ്യതയുള്ളതാണോ? | : | അല്ല |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ബാധകമല്ല<br>ബാധകമല്ല |
| 06 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 07 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ലീലാമണി.കെ.എം. |
| 08 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിജു പ്രഭാകർ |
| 09 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 11.01.2019 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.01.2019 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 15.01.2019 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 15.01.2019 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും, തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി ശ്രീമതി ബിന്ദു.വി.സിയുടെ അന്യത്രസേവന നിയമനം, 5.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്

2) കേരള മിനറൽസ് ആൻഡ് മെറ്റൽസിൽ മാനേജർ (വെൽഫെയർ) ആയി സേവനം അനുഷ്ഠിച്ചുവരവെ ശ്രീമതി. ബിന്ദു .വി.സി യെ 04.10.16 ലെ സ.ഉ. (സാധാ) നം .465/2016/സാനീവ പ്രകാരം വനിതാ വികസന കോർപറേഷൻ എം.ഡി യായി നിയമിക്കുകയും ടി.യാളുടെ നിയമനം ടി.യാൾ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ഒരു വർഷത്തേയ്ക്ക് KSR Part I Rule 144 പ്രകാരം അന്യത്രസേവന വ്യവസ്ഥകൾക്ക് വിധേയമാക്കികൊണ്ട് 15.02.2017 ലെ സ.ഉ.( സാധാ) നം .87/2017/സാനീവ പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. 07.11.2017 ലെ സ.ഉ.(സാധാ) നം. 746/2017/സാനീവ പ്രകാരം ടി. യാളുടെ അന്യത്രസേവന കാലാവധി 05.10.17 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകിയിരുന്നു. ശ്രീമതി ബിന്ദു.വി.സിയുടെ അന്യത്രസേവന കാലാവധി 5.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകുന്നതിന് എതിർപ്പില്ലെന്ന് കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്അറിയിച്ചിട്ടുണ്ട് എന്നും ആയതിനാൽ 05.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് ടിയാളുടെ അന്യത്രസേവന കാലാവധി നീട്ടി നൽകണമെന്നും വനിതാ വികസന കോർപ്പറേഷൻ എം.ഡി ആവശ്യപ്പെട്ടിരുന്നു.

3) 04.07.2018 ലെ ബഹു. മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇനിമുതൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർ/ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ/ജനറൽ മാനേജർ തസ്തികകളിലേയ്ക്കുള്ള നിയമനം 26.05.2018 ലെ സ.ഉ.(എം.എസ്) നം 16/2018/പി.& ഇ.എ നമ്പർ ഉത്തരവ് അനുസരിച്ച് രൂപീകരിച്ച സെലക്ഷൻ ബോർഡ് തയ്യാറാക്കുന്ന പട്ടികയിൽ നിന്നായിരിക്കണം നടത്തേണ്ടത് എന്ന് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു.

4) ആയതിനാൽ വനിതാ വികസന കോർപ്പറേഷൻ എം.ഡിയായി ശ്രീമതി ബിന്ദു.വി.സിയുടെ ഡെപ്യൂട്ടേഷൻ നിയമനകാലാവധി 05.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് നീട്ടി നൽകുന്നതിന്മേൽ ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ ) വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിൽ പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

"ശ്രീമതി. ബിന്ദു വി.സി.യിൽ നിന്നും സേവനമനുഷ്ഠിച്ച ഡെപ്യൂട്ടേഷൻ കാലയളവിൽ വിജിലൻസ് കേസ് ഒന്നുമില്ല എന്ന് സത്യവാങ്മൂലം എഴുതി വാങ്ങിക്കൊണ്ട് പരാമർശ നിയമനം ഭരണ വകുപ്പ് തന്നെ നേരിട്ട് ക്യാബിനറ്റിൽ വെച്ച് അംഗീകാരം തേടിയതിന് ശേഷം സെലക്ഷൻ ബോർഡ് മീറ്റിംഗ് കൂടുമ്പോൾ റാറ്റിഫിക്കേഷന് സമർപ്പിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ മതി എന്ന് ഭരണ വകുപ്പിന് നിർദ്ദേശം നൽകാവുന്നതാണ്. "

5) ഇതുവരെ തനിക്കെതിരെ വിജിലൻസ് അന്വേഷണം/ കേസ് ഒന്നുമില്ല എന്ന് ശ്രീമതി. ബിന്ദു വി.സി. സത്യവാങ്മൂലം നൽകിയിട്ടുണ്ട്.

6) ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

ഇതുവരെ തനിക്കെതിരെ വിജിലൻസ് അന്വേഷണം/ കേസ് ഒന്നുമില്ല എന്ന് ശ്രീമതി. ബിന്ദു വി.സി. സത്യവാങ്മൂലം നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി ശ്രീമതി ബിന്ദു.വി.സിയുടെ അന്യത്രസേവന നിയമനം നിലവിലുള്ള അന്യത്രസേവന വ്യവസ്ഥകൾക്ക് വിധേയമായി 5.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകാവുന്നതാണോ?